7

# വിഭാഗരഹിത ക്രിസ്ത്യാനിത്വം-

# ഭിന്നത അസാധ്യമാക്കുന്നു

നമ്മുടെ കർത്താവായ യേശു ലോകത്തിനു നല്കിയ ക്രിസ്ത്യാനിത്വം വിഭാഗീയരഹിതമായിരുന്നു. നല്ല - മനസ്സുള്ള ബൈബിൾ വിദ്യാർത്ഥികൾ എല്ലാം അതു സമ്മതിക്കും. ക്രിസ്ത്യാനികൾ പരിശുദ്ധാത്മാവിന്റെ വഴിനടത്തലിൽ വിശ്വസ്തരായിരിക്കുന്നേടത്തോളം, അവർ "ഏക മനസ്സും ഏകാത്മാവും" ഉള്ളവരായതുകൊണ്ട്, നാമധേയ വിഭാഗത്തിൽ നിന്നു മുക്തരായിരുന്നു (പ്രവൃത്തികൾ 4:32).

ആ സമയത്തു, ലോകത്തുള്ള ഓരോ ക്രിസ്ത്യാനിയും മറ്റൊരു ക്രിസ്ത്യാനിയുമായി ഐക്യതയിലായിരുന്നു, അതിനാൽ ഭിന്നത അസാദ്ധ്യമായിരുന്നു. അവരെല്ലാവരും ഒരേ സത്യം പറയുകയും ഏക മനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും ചെയ്തു. ഭർത്താക്കന്മാരും ഭാര്യമാരും, അയൽക്കാരും, സ്നേഹിതന്മാരും ഒരുമിച്ചിരുന്നു തികഞ്ഞ സ്വാതന്ത്ര്യത്തോടെ കർത്താവിന്റെ ഉപദേശത്തിന്റെ ഓരോ വശവും ചർച്ച ചെയ്തു. പിതാവിന്റെ പൊതുവായ അൾത്താരയിൽ അവർക്ക് ഒരുമിച്ചു കൂടിവന്നു ആരാധിപ്പാൻ കഴിഞ്ഞു. എല്ലാ ദൈവമക്കളും ഒരുമിച്ചിരുന്നു കർത്താവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും ഓർമ്മക്കായി അപ്പത്തിൽ നിന്നും പാനപാത്രത്തിൽ നിന്നും പങ്കിട്ടു. മക്കൾ ഒരിക്കലും ദുഃഖത്തോടെ "ഞങ്ങൾ അമ്മയുടെ സഭയിൽ പോകണോ അതോ അപ്പന്റെ സഭയിൽ പോകണോ?" എന്നു ചോദിക്കേണ്ടി വന്നില്ല. കാരണം അവിടെ ഒരു സഭയേ ഉണ്ടായിരുന്നുള്ളൂ; അപ്പന്റെയും അമ്മയുടെയും വീട്ടിലെ സ്വാധീനം കുട്ടികൾ ക്രിസ്ത്യാനികൾ മാത്രം ആകുക എന്നതായിരുന്നു. ആരും "അമ്മയുടെ സഭ" എന്നോ "അപ്പന്റെ സഭ" എന്നോ പറഞ്ഞില്ല; കാരണം ലോകത്തിൽ ഒരു സഭയേ ഉണ്ടായിരുന്നുള്ളൂ, അതായിരുന്നു ദൈവത്തിന്റെ സഭ. ലോകത്തിലെ എല്ലാ ക്രിസ്ത്യാനികളും അതിലുള്ളവരായിരുന്നു. "നിങ്ങൾ വൈകുന്നേരം എന്റെ സഭയിൽ വരാമെങ്കിൽ ഇന്നു കാലത്തു ഞാൻ നിങ്ങളുടെ സഭയിൽ വരാം" എന്ന് ആരും പറഞ്ഞില്ല. ഒരു ഭർത്താവും ഭാര്യയുടെ കൂടെ അവളുടെ സഭയിൽ ആദ്യം പോയിട്ടു

പിന്നെ അവന്റെ സഭയിൽ പോയില്ല. അത്തരം സംസാരവും നടപടിയും തികച്ചും അസാദ്ധ്യമായിരുന്നു, കാരണം വിശുദ്ധരായ ശിഷ്യന്മാർ ഒന്നായിരുന്നു, അവർക്കിടയിൽ ഭിന്നതയില്ലായിരുന്നു. എന്തൊരു സന്തോഷപ്രദമായ അവസ്ഥ! വീണ്ടും അത്തരം മനോഹരമായ യോജിപ്പ് ഇഷ്ടപ്പെടാത്തവർ ആരാണ്?

തന്റെ വിശുദ്ധന്മാർ ഒന്നായിത്തീർന്നു അവരെ വാഴുവാനാണ് കർത്താവു ആഗ്രഹിക്കുന്നതു എന്നതിനാൽ, പ്രത്യേകമായി നാം ആ ഐക്യതക്കായി ആഗ്രഹിക്കണം. എല്ലാ വിശുദ്ധന്മാരിൽ നിന്നും വ്യക്തമായി ആവശ്യപ്പെടുകയും, നമ്മുടെ യജമാനൻ എരിവോടെ പ്രാർത്ഥിക്കയും ചെയ്ത ഒരു നല്ല കാര്യത്തെ വിശ്വസ്ത ക്രിസ്ത്യാനിക്കു ലാഘവത്തോടെ കാണുവാൻ കഴിയുമോ? ദൈവിക വ്യവസ്ഥ ഏർപ്പെടുത്തുന്നതിനു നാം എത്ര ആഗ്രഹിച്ചാലും, നാമധേയവിഭാഗങ്ങൾ ഉള്ളേടത്തോളം, അതു സാധ്യമാവുകയില്ല. അടിസ്ഥാനപരമായ ചോദ്യം ഇതാണ്: "നമ്മുടെ കർത്താവിന്റെ സഭയായി നാം നാമധേയവിഭാഗങ്ങളെ ഇഷ്ടപ്പെടുന്നുണ്ടോ?" അതോ നാം ഭൂമിയിൽ ആദ്യമായി ഉത്ഭവിച്ചു കാണപ്പെട്ട, സ്വർഗ്ഗത്തിൽ നിന്നു – ജനിച്ചതായ ക്രിസ്ത്യാനിത്വത്തെ അങ്ങനെ തന്നെ എടുക്കു വാനാണോ താല്പര്യപ്പെടുന്നത്?

ശരിയായ ലേഖനങ്ങൾ കണ്ടെത്തി സ്വീകരിക്കുവാൻ താല്പര്യ മുള്ളവർ അനവധി ഉണ്ടെന്നു എനിക്കു ബോധ്യപ്പെട്ടിട്ടുണ്ട്; എങ്കിലും *എല്ലാ* ശിഷ്യന്മാരും, *എല്ലാ* ക്രിസ്ത്യാനികളും നമ്മുടെ രക്ഷകൻ പ്രാർത്ഥിച്ചതുപോലെ എങ്ങനെ ഒന്നായിത്തീരും? ദൈവിക രേഖയിൽ വെളിപ്പെടുത്തിയിരിക്കുന്നതു പിൻപറ്റുന്നതിലൂടെ മാത്രമെ ഇതു സാധിക്കൂ. ആ പ്രവൃത്തി നമ്മുടെ മാതൃകയാക്കി നാം മാറ്റണം. ഉയരത്തിൽ നിന്നുള്ള ശക്തിയാൽ നയിച്ചു ചെയ്യുന്നതുപോലെ മാത്രമെ ചെയ്യുവാൻ യേശു അനുവദിക്കുന്നുള്ളൂ. ദൈവാത്മാവിന്റെ സഹായമില്ലാത്ത മനുഷ്യരുടെ കൈകളിൽ ചെന്നു ചേരുവാൻ എളുപ്പമാണ്. അതുകൊണ്ടു, അവന്റെ കല്പന, ശക്തി ലഭിക്കുവോളം "കാത്തിരിക്കുക," "വാങ്ങിപ്പോകരുത്," എന്നായിരുന്നു. നമുക്കു നമ്മുടെ പ്രവൃത്തികളാൽ കൈവരിക്കാവുന്നപോലെ, ഉയരത്തിൽ നിന്നു ശക്തി ലഭിക്കാതെ അവരുടേതായ രീതിയിൽ അപ്പൊസ്തലന്മാർക്കു പ്രവർത്തിക്കാമായിരുന്നു. വാസ്തവത്തിൽ, നമുക്ക് ഇന്നു ചെയ്യുവാൻ കഴിയുന്നതിനേക്കാൾ നന്നായി അവർക്കു അന്നു ചെയ്യുവാൻ കഴിയുമായിരുന്നു, കാരണം അവർ നമ്മുടെ രക്ഷകന്റെ കീഴിൽ മൂന്നു വർഷത്തിലധികം പഠിച്ചിട്ടുണ്ട്. അതുകൊണ്ട് സഹായമില്ലാതെ അക്കാര്യം നന്നായി ചെയ്യുവാൻ കഴിയുന്നതു അവർക്കു മാത്ര മായിരുന്നു. എങ്ങനെയായാലും, കർത്താവു ആ പുരുഷന്മാരെ, അങ്ങനെ വിട്ടില്ല, പ്രത്യേകിച്ചു അവൻ പരിശീലിപ്പിച്ചവരെ തെറ്റി പ്പോകാതെ വഴികാട്ടി നല്കാതെ അവരെ അയച്ചില്ല. അത്തരം തെറ്റി പോകാത്ത വഴികാട്ടിയാൽ നയിക്കപ്പെടുന്നതു എത്ര പ്രാധാന്യമുള്ള കാര്യമാണ് ഇന്ന്! അതുകൊണ്ടു നമ്മുടെ സഹായത്തിനു വേണ്ടിയാണ് അവന്റെ പ്രവൃത്തി എഴുതിയിരിക്കുന്നത്. അതിനോടു കൂട്ടുകയോ, കുറയ്ക്കുകയോ ചെയ്യരുത് എന്നു നമ്മോടു പറഞ്ഞിരിക്കുന്നു, അത്

അവരെ പൂർണ്ണമായി നയിച്ചതുപോലെ നമ്മെയും നയിക്കേണ്ടതിനാണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട അപ്പൊസ്തലന്മാർ പുതിയ നിയമ കാലയളവിൽ ചെയ്തതു പോലെയുള്ള സഭാ പ്രവൃത്തികൾ അല്ലെങ്കിൽ മതപരമായ പ്രവൃത്തികൾ അല്ല ഇന്നു നടക്കുന്നത്. നേരെ മറിച്ചു, ഇന്നു ചെയ്യുന്ന പ്രവൃത്തികൾ പുതിയനിയമ കാലത്തു തെറ്റിപോകാതെ പരിശുദ്ധാത്മാവിന്റെ സഹായത്താൽ ചെയ്തതു പോലെയാണ് കാണപ്പെടുന്നതെങ്കിൽ അതു നാമധേയ വിഭാഗരഹിതമാണ്. ഇന്നു പരിശുദ്ധാത്മാവിനാൽ തെറ്റില്ലാതെ നയിക്കപ്പെടുവാനുള്ള വഴി ഇതു മാത്രമാണെന്നതുകൊണ്ട്, യെരുശലേമിലെ സഭായോഗത്തെ പരിശോധിക്കേണ്ടതിന്റെ പ്രാധാന്യം ഞാൻ വീണ്ടും ഊന്നി പറയുന്നു, അങ്ങനെ നമ്മുടെ മാതൃകയാകേണ്ട, ദൈവിക പ്രവൃത്തി നമുക്കു മനസ്സിലാകും.

പിന്നെ, നാം വീണ്ടും ആ രേഖകൾ അവലോകനം ചെയ്യുന്നതിൽ ആരും, മടുത്തു പോകരുത്. ചില ആത്മാക്കൾ ഈ അവലോകനത്തിൽ ആശ്രയിക്കുന്നതു നിത്യജീവനു വേണ്ടിയാണ്. വിശ്വസിച്ചു, ബോധ്യപ്പെട്ടു, തീർച്ചപ്പെടുത്തിയ നിരാശപ്പെട്ട യെരുശലേമിലുള്ളവരോടു പരിശുദ്ധാത്മാവ് കല്പിച്ചതു, പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ എന്നാണ്. പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയുടെ ക്രമമായിരുന്നു അതു; അതു തീർച്ചയായിരുന്നു. ആ വസ്തുതയെയോ അവയുടെ ക്രമത്തെയോ നമുക്കു വിയോജിക്കുവാൻ സാധ്യമല്ല. ഈ നടപടിയിൽ, ഉൽകണ്ഠാകുലരായ ആളുകൾ പാപമോചനത്താൽ ആശ്വാസം ലഭിച്ചു എന്നും നാം സമ്മതിക്കണം. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ദൈവം യേശുവിനെ കർത്താവും ക്രിസ്തുവുമാക്കി വെച്ചിരിക്കുന്നു എന്നു അവർ നിശ്ചയമായി അറിഞ്ഞപ്പോൾ അവരോടു മാനസാന്തരപ്പെട്ടു അവരുടെ പാപങ്ങളുടെ മോചനത്തിനായി സ്നാനമേല്ക്കുവാൻ പറഞ്ഞിരുന്നു; ഈ അനുസരണത്തിൽ, അവർക്കു പാപക്ഷമാപണം ലഭിച്ചു.

കിങ്ങ് ജെയിംസ് ട്രാൻസ്ലേഷൻ അനുസരിച്ചുള്ള ആത്മാവിന്റെ ഉപദേശത്തിൽ, പത്രൊസ് പറഞ്ഞു, "ഓരോരുത്തൻ നിങ്ങളുടെ പാപമോചനത്തിനായി സ്നാനം ഏല്പിൻ" (പ്രവൃത്തികൾ 2:38). ചോദ്യം ഇതാണ്, അവർ രക്ഷിക്കപ്പെട്ടത് സ്നാനത്തിനു മുൻപോ അതോ പിൻപോ? അതെല്ലാം "ആയി" എന്ന വാക്കിന്റെ അർത്ഥം അനുസരിച്ചാണ്. "മകനേ, എഴുത്തിനായി ടൗണിലേക്കു പോക," എന്നു പറയുന്നതിലെ അർത്ഥമാണ് "ആയി" എന്നതിനുള്ളതെങ്കിൽ, തീർച്ചയായും അവർ സ്നാനപ്പെടു ന്നതിനു മുൻപു രക്ഷിക്കപ്പെട്ടില്ല, എന്നാൽ അവർക്കു പാപമോചനം ലഭിക്കേണ്ടതിനു സ്നാനം കല്പിക്കയായിരുന്നു. എല്ലാ സാധ്യതയും നാം പരിശോധിക്കുകയാണെങ്കിൽ, "ആയി" എന്നതിന്റെ ഈ വാചകങ്ങളിൽ പറയുന്നതാണ് പത്രൊസിന്റെ പ്രസംഗത്തിലെ അർത്ഥം:

> അതു നിമിത്തം ഒരു മനുഷ്യൻ, അപ്പനേയും അമ്മയേയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും (എഫെസ്യർ 5:31).

> സകല മാനുഷ നിയമത്തിനും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ (1 പത്രൊസ് 2:13).
>
> നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ (മത്തായി 5:10).

അതായിരുന്നു പത്രൊസ് ഉപയോഗിച്ച വാക്കായ ''ആയി,'' എന്ന വാക്കിന്റെ അർത്ഥമെങ്കിൽ പെന്തെക്കൊസ്തു നാളിൽ പരിശുദ്ധാത്മാവിന്റെ ഉപദേശത്തോടു പ്രതികരിച്ചു അനുസരിച്ച മൂവായിരം പേർ സ്നാനത്തിനുമുൻപു രക്ഷിക്കപ്പെടണം. മറ്റൊരു വിധത്തിൽ, ഇംഗ്ലീഷ് പ്രിപ്പൊസിഷൻ "ഫോർ" എന്നതു ചിലപ്പോൾ "ലഭിക്കുവാൻ," എന്നും മറ്റു ചിലപ്പോൾ "അതിനുവേണ്ടി" അല്ലെങ്കിൽ "അക്കാരണത്താൽ" എന്നാണ്. എല്ലാ നല്ല വിദ്യാർത്ഥികളും വസ്തുതകൾ സമ്മതിക്കുവാൻ തയ്യാറാകും; അതു ചെയ്യുന്നതിനാൽ ഒന്നും അയാൾക്കു നഷ്ടമാകുന്നില്ല, എന്നാൽ എല്ലായ്പ്പോഴും ലഭിക്കുകയാണ് ചെയ്യുന്നത്. അതാണോ പത്രൊസ് ഉപയോഗിച്ച "ആയി'' എന്നതു? പത്രൊസ് ഉപയോഗിച്ചത് കിങ്ങ് ജെയിംസ് വേർഷനിൽ "ഫോർ" എന്ന വാക്കു തർജ്ജിമ ചെയ്തിരിക്കുന്നതു ഈ അർത്ഥത്തിലാണോ?

പത്രൊസ് ഗ്രീക്കിൽ സംസാരിച്ച, *എയിസ്* എന്ന ചെറിയ വാക്ക് "ഫോർ" എന്നാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. ഇപ്പോൾ, ആ ചെറിയ വാക്ക് തർജ്ജിമ ചെയ്ത ''ഫോർ'' എന്നതിനു രണ്ട് അർത്ഥം ഉണ്ടെങ്കിൽ – ഒന്നു, മുൻപോട്ടും മറ്റൊന്നു പിൻപോട്ടും – ആകുമ്പോൾ "ഫോർ" എന്നതു ഗ്രീക്കിന്റെ നല്ല തർജ്ജിമാണ്. എങ്ങനെയായാലും, ആ ഗ്രീക്ക് വാക്കിനു തർജ്ജിമ ചെയ്ത "ഫോർ," എന്ന വാക്കിനു ഒരു അർത്ഥമേ ഉള്ളുവെങ്കിൽ അതു നല്ല തർജ്ജിമ ആകുമായിരുന്നില്ല, എന്നാൽ കണക്കുകൂട്ടി തെറ്റായി നയിക്കപ്പെട്ടതായിരുന്നു. എന്നാൽ ഇംഗ്ലീഷിൽ ''ഫോർ'' എന്നതിന്റെ റെട്രോസ്പെക്റ്റിവ് അർത്ഥം ഒരിക്കലും ഗ്രീക്ക് വാക്കിൽ ഇല്ല; അതൊരിക്കലും പുറകിലേക്കു നോക്കുന്നില്ല. മറ്റൊരു വിധത്തിൽ, *എയിസ്* ഒരിക്കലും "അതു നിമിത്തം" എന്നോ "അക്കാരണത്താൽ" എന്നോ അർത്ഥമാക്കുന്നില്ല. പത്രൊസ് ഉപയോഗിച്ച വാക്ക് റെട്രോസ്പെക്റ്റിവ് ആയി ഒരു ഗ്രീക്കും ഉപയോഗിച്ചിട്ടില്ല.

അമേരിക്കക്കാരും ഇംഗ്ലീഷുകാരും ഉൾപ്പെടുന്ന രണ്ടു കമ്മിറ്റികൾ ചേർന്നു പ്രവർത്തിച്ചതിന്റെ ഫലമായിരുന്നു സ്റ്റാൻഡേർഡ് റിവൈ സ്ഡ് വെർഷൻ,[1] അപ്പോൾ ഒരു ഉടമ്പടി എടുത്തിരുന്നു. മൂല ഭാഷയായ ഗ്രീക്കു നിർബ്ബന്ധിക്കുന്നില്ലെങ്കിൽ, കിങ്ങ് ജെയിംസ് ട്രാൻസ്ലേഷനു ഒരു മാറ്റവും വരുത്തുകയില്ല എന്നവർ തീരുമാനിച്ചിരുന്നു; ആ മാറ്റം വരുത്തുവാൻ തന്നെ കമ്മിറ്റിയുടെ മൂന്നിൽ – രണ്ടു ഭൂരിപക്ഷം വേണമായിരുന്നു. ആ കരാറിലാണ്, അവർ പ്രവർത്തിച്ചത്. പ്രവൃത്തികൾ 2:38 –ൽ "ആയി" എന്ന വാക്കിൽ എത്തിയപ്പോൾ, അവർ അതു "ലേക്ക്" എന്നാക്കി. "ബി ബാപ്റ്റൈസ്ഡ് ഫോർ" റെമിഷൻ എന്നു പത്രൊസിനെ കൊണ്ടു പറയിക്കുന്നതിനു പകരം, "ബി ബാപ്റ്റൈസ്ഡ് അൺ ടു"

റെമിഷൻ എന്നവർ അവനെകൊണ്ടു പറയിപ്പിച്ചു. അങ്ങനെ അവർ "ഫോർ" എന്ന വാക്കിനെ മാറ്റി "അക്കാരണത്താൽ" അല്ലെങ്കിൽ "തൻനിമിത്തം" എന്നു പറയാവുന്നതൊഴിവാക്കി. നല്ലൊരു തർജ്ജിമ ക്കുവേണ്ടിയാണ് അവർ അങ്ങനെ ചെയ്തത്: ഇംഗ്ലീഷ് വാക്കായ "അൺടു" ഒരിക്കലും പുറകിലേക്കു നോക്കുന്നില്ല, എന്നാൽ എല്ലായ്പ്പോഴും മുൻപോട്ടാണ് നോക്കുന്നത്, പത്രൊസ് ഉപയോഗിച്ച ഗ്രീക്കു വാക്കുപോലെ.

പത്രൊസിന്റെ വാക്ക്, അഥവാ പരിശുദ്ധാത്മാവിന്റെ വാക്ക് *എയിസ്*, എപ്പോഴും ചലനം സൂചിപ്പിക്കുകയോ അഥവാ ഒരു പ്രകടനം വരുന്നതായി അന്തർലീനമാക്കുകയോ ചെയ്യും, ആ ചലനം വരുന്ന തായിട്ടാണ് "ടു," "അൺടു," അല്ലെങ്കിൽ "ഇൻടു" എന്നിവയിൽ ഉൾപ്പെ ട്ടിരിക്കുന്നത്, അതു *എയിസ്* എന്ന വാക്ക് നിയന്ത്രിക്കുന്നതായി സൂചി പ്പിക്കുന്നു. അതു സത്യമാക കൊണ്ടു, പത്രൊസിന്റെ വാക്കുകൾ ഒരി ക്കലും "അക്കാരണത്താൽ," അല്ലെങ്കിൽ "തൻനിമിത്തം," എന്നർത്ഥ മാക്കുന്നില്ല, എന്നാൽ എല്ലായ്പ്പോഴും മുൻപോട്ടാണ് നോക്കുന്നത്, അതുകൊണ്ടു പെന്തെക്കൊസ്തു നാളിൽ സ്നാനമേറ്റപ്പോൾ അവർ പാപമോചനത്തോട്, അല്ലെങ്കിൽ പാപമോചനത്തിലേക്ക്, വന്നിരി ക്കുന്നു - അല്ലാതെ മുൻപല്ല. സ്നാനത്തിനു മുൻപു അവർക്കു രക്ഷ കിട്ടി എങ്കിൽ അവരെ പാപമോചനത്തി "ലേക്കു" സ്നാനപ്പെടു ത്തുവാൻ സാധ്യമല്ല.

---

കുറിപ്പ്

[1]ദ അമേരിക്കൻ സ്റ്റാന്റേർഡ് വേർഷൻ.

© 2009 Truth for Today